കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ.153/2024 തിരുവനന്തപുരം, തീയതി: 10/07/2024

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം 2024-2025

## കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ/യു.ഐ.ടി. കോളേജുകളിലേക്കുള്ള സപ്ലിമെന്ററി/കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും, ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും 2024 ജൂലൈ 15 വരെ അവസരം.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ/യു.ഐ.ടി. കോളേജുകളിലേക്കുള്ള സപ്ലിമെന്ററി/കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും, ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും 2024 ജൂലൈ 15 വരെ അവസരം. പ്ലസ് ടു സേ (SAY) പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് കൂടി അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകുന്നതിലേക്കായി ഒന്നാം വർഷ ബിരുദ (FYUGP) പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് രജിസ്ട്രേഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കും പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള തീയതി 2024 ജൂലൈ 15 വരെ ദീർഘിപ്പിച്ചിരിക്കുന്നു. ഈ ഘട്ടത്തിൽ പരമാവധി 20 ഓപ്ഷനുകൾ വരെ നൽകാവുന്നതാണ്. ബിരുദ പ്രോഗ്രാമിലേക്ക് അപേക്ഷിക്കുന്നതിന് ഉയർന്ന പ്രായപരിധി ഒഴിവാക്കിയിരിക്കുന്നു. നിലവിൽ രജിസ്ട്രേഷനുള്ള എല്ലാവർക്കും പുതിയ ഓപ്ഷനുകൾ ചേർക്കൽ, റീവാല്യൂവേഷൻ/ഗ്രേസ് മാർക്ക് ഉൾപ്പെടുത്തൽ, കാറ്റഗറി മാറ്റം തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളും (മാർക്കിലെ വർദ്ധനവ്/സ്പെഷ്യൽ വെയിറ്റേജ്) ഓപ്ഷനുകളും മാത്രമേ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. പ്രൊഫൈലിൽ തിരുത്തൽ വരുത്തൽ, അലോട്ട്മെന്റിലേക്ക് വീണ്ടും പരിഗണിക്കൽ (Reconsider) എന്നിവ ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികളും (ഇതിനായി സർവകലാശാലയിൽ അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ) സ്വയം അവരവരുടെ പ്രൊഫൈലിൽ പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതാണ്. മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകർക്കും, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത അപേക്ഷകർക്കും, നിലവിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്കും സപ്ലിമെന്ററി അലോട്ട്മെന്റിൽ താൽപ്പര്യമുള്ളപക്ഷം ആയതിലേക്ക് പരിഗണിക്കപ്പെടുന്നതിലേക്കായി ആപ്ലിക്കേഷൻ നമ്പർ, പാസ്സ് വേർഡ് എന്നിവ ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം ഓപ്ഷനുകൾ നൽകേണ്ടതാണ്. പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രമേ തുടർന്നു വരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കുകയുള്ളൂ. ആദ്യ മൂന്ന് ഘട്ട അലോട്ട്മെന്റുകളിലും അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്കും ഈ ഘട്ടത്തിൽ പുതുതായി ഓപ്ഷനുകൾ നൽകാവുന്നതാണ്. പുതിയ ഓപ്ഷനുകൾ നൽകുന്ന

വിദ്യാർത്ഥികളുടെ മുൻ അലോട്ട്മെന്റുകളിൽ നൽകിയ ഓപ്ഷനുകൾ ക്യാൻസലാകുന്നതാണ്. ടി വിദ്യാർത്ഥികൾ പുതിയ ഓപ്ഷനുകൾ നൽകാത്തപക്ഷം ഇവരുടെ പഴയ എല്ലാ ഓപ്ഷനുകളും ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതാണ്. നിലവിൽ ഏതെങ്കിലും ഘട്ടത്തിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ സപ്ലിമെന്ററി അലോട്ട്മെന്റിലേക്ക് ഓപ്ഷൻ നൽകുന്നപക്ഷം പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥികൾക്ക് മുൻ അഡ്മിഷനിൽ തുടരാൻ സാധിക്കുന്നതല്ല, പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കാത്ത പക്ഷം രണ്ട് അഡ്മിഷനും നഷ്ടമാകുന്നതാണ്. തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ, പുതിയതായി നൽകിയ ഓപ്ഷനുകൾ/മാറ്റങ്ങൾ അപേക്ഷയിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും (options for supplementary allotment) അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതുമാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2024-2025

കേരളസർവകലാശാലയുടെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനായുള്ള പോർട്ടലിൽ കോളേജ് ഫോർ അപ്ലൈഡ് സയൻസ് (IHRD) കുണ്ടറയിൽ ബി.സി.എ. കോഴ്സ് ഉൾപ്പെടുത്തിയിരിക്കുന്നു. വിദ്യാർത്ഥികൾക്ക് ടി കോഴ്സിലേക്ക് 2024 ജൂലൈ 15 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശദവിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ഒന്നാം വർഷ ബി.എഡ് പ്രവേശനം 2024-2025

## സപ്ലിമെന്ററി/കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും, ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും 11.07.2024 മുതൽ 16.07.2024 വരെ അവസരം.

ഒന്നാം വർഷ ബി.എഡ്. പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് രജിസ്ട്രേഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കും 2024 ജൂലൈ 11 മുതൽ ജൂലൈ 16 വരെ പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഈ ഘട്ടത്തിൽ പരമാവധി 20 ഓപ്ഷനുകൾ വരെ നൽകാവുന്നതാണ്. നിലവിൽ രജിസ്ട്രേഷനുള്ള എല്ലാവർക്കും പുതിയ ഓപ്ഷനുകൾ ചേർക്കൽ, റീവാല്യുവേഷൻ/ഗ്രേസ് മാർക്ക് ഉൾപ്പെടുത്തൽ, കാറ്റഗറി മാറ്റം തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളും (മാർക്കിലെ വർദ്ധനവ്/സ്പെഷ്യൽ വെയിറ്റേജ്) ഓപ്ഷനുകളും മാത്രമേ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകർക്കും, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത അപേക്ഷകർക്കും, നിലവിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്കും സപ്ലിമെന്ററി അലോട്ട്മെന്റിൽ താൽപ്പര്യമുള്ളപക്ഷം ആയതിലേക്ക് പരിഗണിക്കപ്പെടുന്നതിലേക്കായി ആപ്ലിക്കേഷൻ നമ്പർ, പാസ്സ് വേർഡ് എന്നിവ ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം ഓപ്ഷനുകൾ നൽകേണ്ടതാണ്. പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രമേ തുടർന്നു വരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കുകയുള്ളൂ. ആദ്യ രണ്ട് ഘട്ട അലോട്ട്മെന്റുകളിലും അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്കും ഈ ഘട്ടത്തിൽ പുതുതായി ഓപ്ഷനുകൾ

നൽകാവുന്നതാണ്. പുതിയ ഓപ്ഷനുകൾ നൽകുന്ന വിദ്യാർത്ഥികളുടെ മുൻ അലോട്ട്മെന്റുകളിൽ നൽകിയ ഓപ്ഷനുകൾ ക്യാൻസലാകുന്നതാണ്. ടി വിദ്യാർത്ഥികൾ പുതിയ ഓപ്ഷനുകൾ നൽകാത്തപക്ഷം ഇവരുടെ പഴയ എല്ലാ ഓപ്ഷനുകളും ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതാണ്. നിലവിൽ ഏതെങ്കിലും ഘട്ടത്തിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ സപ്ലിമെന്ററി അലോട്ട്മെന്റിലേക്ക് ഓപ്ഷൻ നൽകുന്നപക്ഷം പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥികൾക്ക്, മുൻ അഡ്മിഷനിൽ തുടരാൻ സാധിക്കുന്നതല്ല, പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കാത്ത പക്ഷം രണ്ട് അഡ്മിഷനും നഷ്ടമാകുന്നതാണ്. തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ, പുതിയതായി നൽകിയ ഓപ്ഷനുകൾ/മാറ്റങ്ങൾ അപേക്ഷയിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും (options for supplementary allotment) അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റ് ഔട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതുമാണ്.

## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് ഓപ്ഷൻസ് നൽകുന്നതിന് അവസരം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് എയ്ഡഡ് (Aided) കോളേജുകളിലെ ബി.എഡ്. കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് വഴി 2024 ജൂലൈ 11 മുതൽ 16 വരെ ഓപ്ഷൻസ് നൽകാവുന്നതാണ്. ഇതുവരെ അഡ്മിഷൻ ലഭിക്കാത്തവരും, നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവരും, അഡ്മിഷൻ എടുത്ത ശേഷം കോളേജിൽ നിന്നും ടി.സി. വാങ്ങിയവരും, പല ഘട്ടങ്ങളിൽ അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്തായവരും ഉൾപ്പെടെ എല്ലാവരും പുതുതായി കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷൻസ് നൽകിയാൽ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ.

## പരീക്ഷ വിജ്ഞാപനം

കേരളസർവകലാശാല 2024 ജൂലൈ 25 ന് ജർമ്മൻ A2 (ഡ്യൂഷ് A2) പരീക്ഷ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഫംഗ്ഷണൽ തമിഴ് ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷകൾ 2024 ജൂലൈ 31 വരെ സ്വീകരിക്കും

കേരളസർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന 'മനോന്മണീയം സുന്ദരനാർ ഇന്റർനാഷണൽ സെന്റർ ഫോർ ദ്രവീഡിയൻ കൾച്ചറൽ സ്റ്റഡീസ് തമിഴ് ഭാഷാ പരിശീലനം പൊതുജനത്തിന് നൽകുന്നതിലേക്ക് 2024 ഓഗസ്റ്റ് 1 മുതൽ 2024 ഒക്ടോബർ 31 വരെ നടത്തുന്ന മൂന്ന് മാസത്തെ ഓൺലൈൻ ഫംഗ്ഷണൽ തമിഴ് സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷിക്കുന്നതിനുള്ള തീയതി 2024 ജൂലൈ 31 ലേക്ക് നീട്ടിയിരിക്കുന്നു. ഈ കോഴ്സിനെക്കുറിച്ചും അപേക്ഷ നൽകുന്നതിനെപ്പറ്റിയുള്ള മറ്റുവിവരങ്ങൾക്കും 2024 ജൂലൈ 10 ന് കേരളസർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പത്രക്കുറുപ്പ് കാണുക.

## പരീക്ഷഫലം

കേരള സർവകലാശാല 2024 ഏപ്രിൽ മാസത്തിൽ നടത്തിയ ആന്വൽ സ്കീം ബി.എ/ ബി.എ അഫ്സൽ – ഉൽ – ഉലാമ (ഓൺലൈൻ, ഓഫ്ലൈൻ) പാർട്ട് മൂന്ന് പരീക്ഷകളിൽ റഗുലർ, സപ്ലിമെന്ററി/ മേഴ്സി ചാൻസ് വിദ്യാർത്ഥികളുടെ (മെയിൻവിഷയം മാത്രം)അറബിക് ലാംഗേജ് ആൻഡ് ലിറ്ററേച്ചർ വിഷയം ഒഴികെയുള്ള ഫലം പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ. പുനർ മൂല്യനിർണയത്തിനായി 24/07/2024 വരെ
അപേക്ഷിക്കാം.

## ഫംഗ്ഷണൽ മലയാളം ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിന്റെ 2024 ജൂലൈ 21 ന് നടത്താനിരിക്കുന്ന എഴുത്തുപരീക്ഷ – ഹാൾടിക്കറ്റ്

കേരളസർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മനോന്മണീയം സുന്ദരനാർ ഇന്റർനാഷണൽ സെന്റർ ഫോർ ദ്രവീഡിയൻ കൾച്ചറൽ സ്റ്റഡീസ് 2024 ഏപ്രിൽ 15 മുതൽ 2024 ജൂലൈ 15 വരെ നടത്തി വരുന്ന മൂന്ന് മാസത്തെ ഫംഗ്ഷണൽ മലയാളം സർട്ടിഫിക്കറ്റ് കോഴ്സിന്റെ എഴുത്തുപരീക്ഷ 2024 ജൂലൈ 21 ന് നടത്താൻ നിശ്ചയിച്ചിരിക്കുന്നു. എഴുത്തുപരീക്ഷയുടെ ഹാൾടിക്കറ്റ് കേരള സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഈ കോഴ്സ് പൂർത്തീകരിച്ച് പരീക്ഷ എഴുതാനിരിക്കുന്ന വിദ്യാർഥികൾ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്ത് അവരവരുടെ വിവരങ്ങൾ പൂരിപ്പിച്ചതിന് ശേഷം **Dr.Jeyakrishnan P, Professor, Department of Tamil & Hon. Director, MSICDCS University of Kerala, Kariavattom, Thiruvananthapuram-695581** എന്ന വിലാസത്തിൽ 2024 ജൂലൈ 15 നകം അയക്കുക. **Contact No: 0471-2308919, 0471-2308840.**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**